**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **09-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ മരാമത്ത് പണികൾ, വാല്യം II-ൽ ക്രമ നമ്പർ 2670 ആയി ഉൾപ്പെടുത്തി 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും എന്നാണ് കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്ക് വേണ്ടിയുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും സർക്കാരിനും ലഭിച്ചതെന്ന് അറിയിക്കുമോ; | (എ) | ഭരണാനുമതിക്ക് വേണ്ടിയുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ 05.02.2021-ലും സർക്കാരിൽ 10.02.2021-ലും ലഭിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിക്കുവാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; ഭരണാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവർത്തിയുടെ ഭരണാനുമതി ക്കായി സർക്കാരിലേയ്ക്ക് ശിപാർശ ലഭ്യമായപ്പോൾ തെരഞ്ഞെടുപ്പ് പെരുമാ റ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ പ്രസ്തുത ശിപാർശ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാൻ തീരുമാനിച്ചിരു ന്നു. കെട്ടിടനിർമ്മാണത്തിന് 4210-01-110-74 PV എന്ന ശീർഷകത്തിൽ ഭരണാനുമതി കിട്ടുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരു ന്നെങ്കിലും 2021-22 സാമ്പത്തികവർഷം പ്രസ്തുത ഹെഡ്ഡിൽ തുകയില്ലാത്തതിനാൽ ആ സാമ്പത്തികവർഷം നൽകാൻ കഴി ഞ്ഞില്ല. തുടർന്ന് 4210-01-110-74-01 PV ശീർഷകത്തിലെ ഫണ്ട് ലഭ്യതക്ക് വിധേയമായി ടി പ്രവർത്തി Departmental Working Group Meeting ൽ ഉൾപ്പെടു ത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേ ശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി ഫയൽ സമർപ്പിച്ചിട്ടുള്ളത് എന്നൊക്കെ ആണെന്നും പ്രസ്തുത ഫയലിൽ ധന | (സി) | 13.02.2021, 10.06.2021, 13.09.2021 എന്നീ തീയതികളിൽ ധനകാര്യ വകുപ്പിന് ഫയൽ നൽകിയിരുന്നു. 13.02.2021-ൽ നൽകിയിരുന്നപ്പോൾ തെരഞ്ഞെടുപ്പ് |

| | | | |
|---|---|---|---|
| | വകുപ്പിന്റെ റിമാർക്സ് എന്തായിരുന്നു എന്നും വിശദമാക്കുമോ; | | പെരുമാറ്റച്ചട്ടം പ്രാബല്ല്യത്തിൽ വന്നതി നാൽ പ്രസ്തുത ശുപാർശ അടുത്ത സാമ്പത്തികവർഷം പരിഗണിക്കാവുന്ന താണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചി രുന്നു. 10.06.2021-ൽ നൽകിയിരുന്ന പ്പോൾ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയു ടെയും കൊണ്ടോട്ടി താലൂക്ക് ആശുപ ത്രിയുടെയും നിർമ്മാണ പ്രവർത്തികൾ അടുത്ത Departmental Working Group Meeting ൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തെ 4210-01-110-74-PV എന്ന ശീർഷകത്തിലെ തുക വിനിയോഗിച്ച് ചെയ്യാവുന്നതാണെന്ന് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുന്നു.<br><br>13.09.2021 -ൽ നൽകിയിരുന്നപ്പോൾ 4210-01-110-74-01 PV ശീർഷകത്തിലെ ഫണ്ട് ലഭ്യതക്ക് വിധേയമായി ടി പ്രവർത്തി ധനകാര്യവകുപ്പ് മുമ്പ് നിർദ്ദേശിച്ച പ്രകാരം Departmental Working Group Meeting ൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരി ക്കുവാൻ ആ വകുപ്പ് അറിയിച്ചിട്ടുള്ള താണ്. |
| (ഡി) | ധന വകുപ്പിന്റെ റിമാർക്സിൻമേൽ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ഡി) | ധനകാര്യ വകുപ്പിന്റെ 29/06/2021, 05/10/2021 എന്നീ തീയതികളിലെ നിർദ്ദേശ പ്രകാരം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവർത്തികൾ Departmental Working Group Meeting ൽ ഉൾപ്പെടുത്താനായി അടിയന്തിര ശുപാർശ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 11.07.2021, 27.10.2021 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ഫയൽ നം. HEALTH-P3/29/2021-HEALTH-ൽ നിർദ്ദേശം നൽകിയിരുന്നു . |
| (ഇ) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ 4210-01-110-74-PV എന്ന ശീർഷകത്തിലെ ഫണ്ട് വിനിയോഗിച്ച്, വകുപ്പുതല വർക്ക് ഗ്രൂപ്പ് മീറ്റിംഗിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും അതിന്മേൽ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കുമോ; | (ഇ) | ധനകാര്യ വകുപ്പിന്റെ 29/06/2021, 05/10/2021 എന്നീ തീയതികളിലെ നിർദ്ദേശ പ്രകാരം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവർത്തികൾ Departmental Working Group Meeting ൽ ഉൾപ്പെടുത്താനായി അടിയന്തിര ശുപാർശ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 11.07.2021, 27.10.2021 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ഫയൽ നം. HEALTH-P3/29/2021-HEALTH-ൽ നിർദ്ദേശം നൽകിയിരുന്നു . |
| (എഫ്) | കുറ്റിപ്പുറം താലൂക്ക് ആശുപതിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. | (എഫ്) | 02.02.2021, 04.06.2021, 28.10.2021, 09.12.2022 എന്നീ തീയതികളിലെ കത്തുകൾ എം.എൽ.എ. സമർപ്പിച്ചിരുന്നു. എം.എൽ.എ.യുടെ കത്തുകളിന്മേൽ നടപടി സ്വീകരിക്കുവാൻ |

| | | | |
|---|---|---|---|
| | നൽകിയ കത്തുകളുടെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കുമോ? | | ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവർത്തികൾ Departmental Working Group Meeting ൽ ഉൾപ്പെടുത്താനായി അടിയന്തിര ശുപാർശ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ